LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിക്കാരുടെ സ്ഥിര നിയമനം

160 (2880) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച ഭിന്നശേഷിക്കാരായ ജീവനക്കാരെ സ്ഥിരമാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക സേവനമനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്. 2004 മുതൽ സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലെ നിയമനങ്ങളിൽ 3% ഭിന്നശേഷി സംവരണം ഏർപ്പെടുത്തി, പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സാഹചര്യത്തിൽ, 2004-നുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക സേവനമനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാരെ പുനർനിയമനത്തിന് പരിഗണിച്ചിട്ടില്ല.

(ബി) 2003 വരെ താത്കാലിക ജീവനക്കാരായി എത്ര ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട്; ആയതിൽ എത്രപേർ സർവ്വീസിൽനിന്നും വിരമിച്ചു എന്ന് വ്യക്തമാക്കാമോ?

6-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 9(എ)(1) പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള താൽക്കാലിക ഭിന്നശേഷി ജീവനക്കാരെ സൂപ്പർന്യൂമററി തസ്തികയിൽ പുനർ/സ്ഥിരം നിയമനം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവനുസരിച്ച് നിയമിച്ചവരുടെ വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു. എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ടി രീതിയിൽ നിയമനം നൽകിയിട്ടുള്ള ഭിന്നശേഷി ജീവനക്കാരുടെയും പ്രസ്തുത ജീവനക്കാരിൽനിന്ന് നാളിതുവരെ സർവ്വീസിൽനിന്ന് വിരമിച്ച ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 16-8-1999 മുതൽ 31-12-2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താത്കാലിക സേവനം അനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാർക്ക് പുനർ നിയമനം നൽകുന്നതിനായി 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 18-5-2013-ലെ സ.ഉ(പി)നമ്പർ 40/13/സാ.നീ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെയും 3-2-2016-ലെ സ.ഉ(അച്ചടി) നമ്പർ 01/16/സാനീവ. ഉത്തരവിലെയും 26-4-2017-ലെ സ.ഉ.(പി)നമ്പർ5/17/സാനീവ നമ്പർ ഉത്തരവിലെയും മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമിക്കുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.